## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *363**      **24.08.2017- ൽ മറുപടിക്ക്**

## മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, രാജു എബ്രഹാം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.എൻ. വിജയൻ പിള്ള : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേതനം പുതുക്കാനായി നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയെന്ന് അറിയിക്കാമോ; കാലാവധി കഴിഞ്ഞിട്ടും മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകൾ ഏതെല്ലാമായിരുന്നു; ഇത്തരം മേഖലകളിലുൾപ്പെടെ മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) മിനിമം വേതന നിയമം, 1948 പ്രകാരം മിനിമം വേതനം 5 വർഷത്തിനകം പുതുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാലാവധി കഴിഞ്ഞിട്ടും മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇത്തരം മേഖലകളിലുൾപ്പെടെ 18 തൊഴിൽ മേഖലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ 4 എണ്ണത്തിൽ മിനിമം വേതനം നിശ്ചയിച്ച് നല്കിയിട്ടുണ്ട്. കാലാവധി പൂർത്തിയായ 27 തൊഴിൽ മേഖലകളിൽ തെളിവെടുപ്പ് നടത്തി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 4.7.2017-ലെ സ.ഉ.(പി) 65/2017/തൊഴിൽ നമ്പർ പ്രകാരം സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വകാര്യ ആശുപത്രി വ്യവസായബന്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന ബാക്കി മേഖലകളിൽ മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മിനിമം വേതന ഉപദേശക സമിതിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഇനിയും മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ നടപടിയുണ്ടാകുമോ? | ഇനിയും മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ക്രമ. നം. | തൊഴിൽ മേഖല | അവസാനമായി മിനിമം വേതനം പുതുക്കിയ തീയതി |
|---|---|---|
| 2008 | | |
| 1 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 21.05.2008 |
| 2 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി | 23.09.2008 |
| 3 | ഓയിൽമിൽ | 20.10.2008 |
| 4 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ | 07.07.08 |
| 2009 | | |
| 5 | എൽ.പി.ഗ്യാസ് | 27.05.2009 |
| 6 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് | 10.08.2009 |
| 7 | ഹാന്റ്ലൂം ആന്റ് ഡൈലി പീസ് റേറ്റ്സ് എംപ്ലോയീസ് | 11.12.2009 |
| 8 | മൈനർ എഞ്ചിനീയറിംഗ് | 16.12.2009 |
| 9 | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് | 28.12.2009 |
| 10 | ഹോസ്റ്റൽസ് | 15.12.09 |
| 11 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് | 27.05.09 |
| 12 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് | 07.10.09 |
| 13 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് | 09.06.09 |
| 14 | ഷോപ്പ്സ് ഹോട്ടൽ ആന്റ് റസ്റ്റാറന്റ് | 23.07.09 |
| 2010 | | |
| 15 | ഖാദി ഇൻഡസ്ട്രീസ് | 08.01.2010 |
| 16 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് | 15.03.2010 |
| 17 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി | 06.11.2010 |
| 18 | സിനിമാ തീയറ്ററുകൾ | 15.11.2010 |
| 19 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര | 26.07.2010 |
| 20 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി | 06.11.2010 |
| 21 | ഹാന്റ്ലൂം കം മന്ത്‌ലി പെയ്ഡ് എംപ്ലോയീസ് | 13.09.2010 |
| 22 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് | 06.11.2010 |
| 23 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ | 24.02.2010 |
| 24 | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് | 08.11.2010 |
| 25 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് | 04.08.2010 |
| 26 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് | 19.04.2010 |
| 27 | ടോഡി ടാപ്പിംഗ് | 30.03.2010 |
| 28 | കുടനിർമ്മാണം | 30.01.2010 |
| 29 | ഐസ് ഫാക്ടറീസ് | 18.12.010 |
| 30 | പ്രിന്റിംഗ് പ്രസസ് | 10.08.10 |
| 31 | ഡൊമസ്റ്റിക് വർക്സ് | 09.03.2010 |
| 32 | സെക്യൂരിറ്റി സർവ്വീസ് | 24.07.2011 |

| | | |
|---|---|---|
| 2011 | | |
| 33 | റിവർ സാന്റ് കളക്ഷൻ | 01.07.2011 |
| 34 | ഫർണ്ണിച്ചർ ഇൻഡസ്ട്രി | 18.02.2011 |
| 35 | മൈനർ പോർട്ട് | 03.05.2011 |
| 36 | ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് | 26.04.2011 |
| 37 | ഫോറസ്റ്റ് | 26.04.2011 |
| 38 | സ്ക്രീൻ പ്രിന്റിംഗ് | 26.04.2011 |